ഭരണഭാഷ - മാതൃഭാഷ

സി4-33671/14

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.19.12.2014

## സർക്കുലർ

വിഷയം: കേരള നിയമസഭാ പരിസ്ഥിതി സമിതി (2000-2001) യുടെ 18-ാ മത് റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച തുടർനിർദ്ദേശം നൽകുന്നത് സംബന്ധിച്ച് -

സൂചന: സർക്കാരിന്റെ 5.11.2014 ലെ 9865/ആർസി3/2009/തസ്വഭവ നം. കത്ത്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3-ാം ചട്ടത്തിന് അനുബന്ധമായുള്ള ഒന്നാം പട്ടികയിലെ 154-ാ മത് ഇനമായി "ജലം - സംഭരണവും, വിൽപനയും" ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിൽപനയിൽ ആരോഗ്യവകുപ്പിന്റെയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതിപത്രം ആവശ്യമാണ്. ഇത് സംബന്ധിച്ച് കേരള നിയമസഭ - പരിസ്ഥിതി സമിതിയുടെ 2000-01 ലെ 18-ാ മത് റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ (യൂണിറ്റിന്റെ പേര്, ഉൽപ്പന്നത്തിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി, ഉൽപ്പാദനക്ഷമത തുടങ്ങിയവ) അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. മിനറൽ വാട്ടർ യൂണിറ്റുകൾ, അവ രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പരിധിക്കകത്തുതന്നെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിക്കണം.

3. വിപണിയിലുള്ള മിക്ക മിനറൽ വാട്ടർ യൂണിറ്റ് പ്ലാന്റുകളും ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പേരുകളോടു കൂടിയവയാണ്. അത്തരം പേരുകളും പരസ്യവാചകങ്ങളും മിനറൽ വാട്ടർ ബ്രാന്റുകൾക്ക് ഉപയോഗിക്കുന്നത് തടയേണ്ടതും, ലൈസൻസിനുള്ള അപേക്ഷ പരിഗണിക്കുന്ന വേളയിൽ ഇക്കാര്യം ഗ്രാമപഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

4. മിനറൽ വാട്ടറിന്റെ ബ്രാന്റ് നെയിം ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ട താണെങ്കിൽ പ്രസ്തുത മിനറൽ വാട്ടർ നിർമ്മാണത്തിന് അതേ സ്ഥലത്തെ വെള്ളം തന്നെ ഉപയോഗിച്ചിരിക്കണമെന്ന നിബന്ധന കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണ്ടേതാണ്.

5. ഏതെങ്കിലും മിനറൽവാട്ടർ ബ്രാന്റിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലായെന്ന് പരിശോധനയിൽ വെളിപ്പെട്ടാൽ പ്രസ്തുത ഉൽപ്പന്നത്തിന്റെ വിൽപ്പന അടിയന്തിരമായി നിരോധിക്കേണ്ടതും അക്കാര്യം പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് മിനറൽ വാട്ടർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുമ്പോൾ മേൽപ്പറഞ്ഞ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്.

(ഒപ്പ്)
എ.സെയീദ്
പഞ്ചായത്ത് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല
വഹിക്കുന്ന ജോയിന്റ് ഡയറക്ടർ (വികസനം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഐ.കെ.എം
കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

ജെ.എൽ